പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2668 | 09.05.2017 ൽ മറുപടിയ്ക്ക്

## കോടോം-ബേളൂർ പഞ്ചായത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ കോടോം-ബേളൂർ പഞ്ചായത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണുള്ളത്; | എ) കോടോം-ബേളൂർ പഞ്ചായത്തിൽ നിലവിൽ 3 അക്ഷയ കേന്ദ്രങ്ങൾ ഉണ്ട്. |
| ബി) ഇതിൽ ഏതെങ്കിലും സ്ഥാപനം മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റാനുള്ള നീക്കം ബന്ധപ്പെട്ടവർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | ബി) ഉണ്ട്. 15-ാം വാർഡിലുള്ള തായന്നൂരിൽ പ്രവർത്തിച്ചിരുന്ന അക്ഷയ കേന്ദ്രം പഞ്ചായത്ത് ഭരണ സമിതിയുടെ 28.01.2016 ലെ 23/16 (24)-ാം നമ്പർ തീരുമാന പ്രകാരം വാർഡ് 1 ലെ അട്ടേങ്ങാനം തട്ടുമ്മലിലേക്ക് മാറ്റി സ്ഥാപിച്ചു. |
| സി) ഈ സ്ഥാപനം മാറ്റാനുള്ള നീക്കം തടയണമെന്നും മുമ്പ് ഉണ്ടായിരുന്ന തായന്നൂരിൽ തന്നെ അക്ഷയ കേന്ദ്രം വേണമെന്നുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | സി) തായന്നൂരിൽ തന്നെ അക്ഷയകേന്ദ്രം നിലനിർത്തണമെന്ന നാട്ടുകാരുടെ ആവശ്യ പ്രകാരം 29.11.2016 ൽ 130/6 തീരുമാന പ്രകാരം അക്ഷയകേന്ദ്രം തായന്നൂരിൽ തന്നെ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ അക്ഷയ പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം മാറ്റുന്നത് സംബന്ധിച്ച് W P (C) 39641/2016 പ്രകാരം ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തീരുമാനം തൽക്കാലം നടപ്പിലാക്കാൻ സാധ്യമല്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ